# സ്നേഹിക്കേണ്ടതെങ്ങിനെ?

**ഓ**രോ മുസ്‌ലിമും തന്റെ സ്വന്തം ജീവനേക്കാൾ നബി(ﷺ)യെ സ്നേഹിക്കൽ നിർബന്ധമാണെന്ന് നാം മനസ്സിലാക്കി. ഇനി നാം പരിശോധിക്കേണ്ടത് ആ സ്നേഹം എങ്ങനെയായിയിക്കണം എന്നതാണ്. അഥവാ, പ്രവാചകസ്നേഹത്തിന്റെ രൂപവും ശൈലിയുമെന്ത്? എത്രവരെ ആകാം? പാടില്ലാത്ത സ്നേഹമേത്? എന്നീ കാര്യങ്ങളാണ്. വളരെ പ്രാധാന്യപൂർവ്വം മനസ്സിലാക്കേണ്ട ഭാഗമാണിത്. കാരണം, സ്നേഹം വഴി തെറ്റിപ്പോകാൻ സാധ്യതകളേറെയാണ്. പല പ്രവാചകന്മാരും മഹാത്മാക്കളും ആരാധിക്കപ്പെടാൻ പോലും കാരണമായിത്തീർന്നത് അവരോടുള്ള സ്നേഹം വഴിതെറ്റിപ്പോയതായിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. ഉദാഹരണമായി, ജൂത-ക്രൈസ്തവ സമൂഹങ്ങളുടെ ചരിത്രം മാത്രം പരിശോധിച്ചുനോക്കൂ! ഏകദൈവാരാധനക്കു വേണ്ടി പടപൊരുതാൻ വേണ്ടി അവരിലേക്ക് നിയോഗിക്കപ്പെട്ട ഈസാനബി(അ), ഉസൈർ(അ) എന്നീ മഹാന്മാരായ പ്രവാചകന്മാരെ ആ സമൂഹം ദൈവപുത്രന്മാരാക്കി അവരോധിച്ചത് അവരോടുള്ള വെറുപ്പുകൊണ്ടോ വിദ്വേഷംകൊണ്ടോ ആയിരുന്നില്ല. മറിച്ച്, അവരോടുള്ള സ്നേഹം അതിരുകവിഞ്ഞതും വഴിതെറ്റിപ്പോയതുകൊണ്ടായിരുന്നു! ഇതുപോലെതന്നെയാണ് മറ്റു സൃഷ്ടി പൂജകളുടെയും ചരിത്രം! അതിനാൽ ഇത്തരമൊരു വഴിതെറ്റിപ്പോക്കുണ്ടാകാതിരിക്കാനാണ് ഇസ്‌ലാം, നബി(ﷺ)യെ സ്നേഹിക്കണം എന്നു പറഞ്ഞവസാനിപ്പിക്കാതെ അതിന്റെ രൂപവും രീതിയും വ്യക്തമായും കൃത്യമായും പഠിപ്പിച്ചത്. വിശുദ്ധ ഖുർആൻ തന്നെ ആ സ്നേഹത്തിന്റെ രീതി വിശദീകരിക്കുന്നത് നോക്കൂ:

**(സൂറഃ ആലുഇംറാൻ: 31. വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങളുടെ പരിഭാഷയിൽ നിന്ന്. പേജ്: 73)**






ജുസ്അ്-3 | 73 | 3-സൂറഃ ആലു ഇംറാൻ

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾

3/31. പറയുക. നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ എന്നെ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരുകയും ചെയ്യും. അല്ലാഹു പൊറുത്ത് തരുന്നവനും മഹാകാരുണികനുമാണ്.

ഇവിടെ 'അല്ലാഹുവിനെ സ്നേഹിക്കുന്നവർ എന്നെ(നബിﷺയെ) സ്നേഹിക്കട്ടെ'

എന്നാണല്ലോ പറയുന്നത്. അപ്പോൾ, സ്നേഹം യാഥാർത്ഥ്യമാകുന്നത് സ്നേഹിക്കപ്പെടുന്നവരുടെ ചര്യകൾ പിൻപറ്റുമ്പോൾ മാത്രമാണ്. അതാണ് ഈ വചനം പഠിപ്പിക്കുന്നത്. അഥവാ, സ്നേഹിക്കപ്പെടുന്ന ആളുടെ കൽപനകളെ അംഗീകരിക്കാതിരിക്കുകയും അതിന് എതിരുപ്രവർത്തിക്കുകയും ചെയ്യുന്ന ഒരാൾ, ഞാൻ അയാളെ സ്നേഹിക്കുന്നു എന്നുപറഞ്ഞാൽ അത് അയാളോടുള്ള സ്നേഹമല്ല; നിന്ദയും ധിക്കാരവും മാത്രമാണെന്നർത്ഥം. ഇക്കാര്യം തഫ്സീറുകളിൽ (ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ) തന്നെ പ്രത്യേകം പറയുന്നത് കാണാം. പള്ളിദർസുകളിൽ ഓതിപ്പഠിപ്പിക്കുന്ന തഫ്സീർ ജലാലൈനിയുടെ വ്യാഖ്യാനമായ തഫ്സീർ സ്വാവിയിൽ പറയുന്നു: **(തഫ്സീർ സ്വാവി 1/312,313)**



٣١٢ حاشية الصاوي على تفسير الجلالين

ما هذه ملة إبراهيم التي تدعونها، فقالوا مانعبدهم إلا ليقربونا إلى الله زلفى. قوله: ﴿ قل ﴾[ لهم يامحمد ] أي رداً لمقالهم . قوله : ﴿ فاتبعوني ﴾ أي في جميع ما جئت به ، والمعنى أن اتباع النبي فيما جاء به دليل على محبة الإنسان لربه ، وهي ميل القلب نحوه وإيثار طاعتـه على هوى نفسه فيلزم من المحبة الطاعة ، قال بعض العارفين :

لو قال تيهاً قف على جمر الغضا — لوقفت ممتثـلاً ولـم أتوقف

وقال بعضهم :

تعصي الاله وأنت تظهر حبـه — هـذا لعمري في القياس بديع

لو كان حبك صادقـاً لأطعته — إن المحب لمـن يحب مطيـع

فمن ادعى المحبة من غير طاعة فدعواه باطلة لا تقبل . قوله : [ بمعنى أنه يثيبكم ] أشار بذلك إلى أن معنى المحبة الأصلي محال في حقه تعالى ، وأن المراد بمحبة الله للعبد قبوله والاثابة على أعماله . قوله : ﴿ ويغفر لكم ذنوبكم ﴾ أي يمحها من الصحف ، فالمحبوب لا يبقى عليـه ذنب ، والمبغوض لا تبقى له طاعـة ، قال بعض العارفين : واجعل سيئاتنا سيئات من أحببت ، ولا تجعل حسناتنا حسنات من أبغضت ، فالاحسان لا ينفع مع البغض منك ، والاساءة لا تضر مع الحب منك . قوله : ﴿ رحيم بـه ﴾ أي في الدنيا والآخرة . قوله : [ من التوحيد ] أي وغيره من شرائع الدين . قوله : [ أعرضوا عن الطاعـة ] أي فلم يتبعوك فيما أمرت بـه . قوله : [ فيه إقامة الظاهر ] أي تبكيتاً لهم .

അർത്ഥം: "നബി(ﷺ) കൊണ്ടുവന്ന കാര്യങ്ങളെല്ലാം പിൻപറ്റൽ ഒരാൾ തന്റെ രക്ഷിതാവിനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. നബി(ﷺ)യെ സ്നേഹിക്കുക എന്നാൽ, മനസ്സ് തിരുമേനിയിലേക്ക് ആകർഷിക്കുകയും തന്റെ സ്വന്തം താൽപര്യത്തേക്കാൾ നബി(ﷺ)യെ അനുസരിക്കലിന് പ്രാധാന്യം നൽകലുമാണ്. സ്നേഹിക്കുന്നവന് നബി(ﷺ)യെ അനുസരിക്കൽ നിർബന്ധമാണ്.

ചിലർ പറഞ്ഞു: "നീ ഇലാഹിന് എതിര് പ്രവർത്തിക്കുന്നു. അവനോട് സ്നേഹം നടിക്കുകയും ചെയ്യുന്നു. എന്റെ ആയുസ്സാണ് സത്യം, ഇത് താരതമ്യം ചെയ്യൽ ഒരു വിചിത്ര സംഭവമാണ്. നിന്റെ സ്നേഹം സത്യമാണെങ്കിൽ നീ അവനെ അനുസരിക്കേണ്ടതാകുന്നു. തീർച്ചയായും സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടുന്നവനെ അനുസരിക്കുന്നവനാണ്."

അതുകൊണ്ട് ആരെങ്കിലും (സ്നേഹിക്കപ്പെടുന്നവനോട്) അനുസരണമില്ലാതെ സ്നേഹമുണ്ടെന്ന് വാദിച്ചാൽ അവന്റെ വാദം നിരർത്ഥകമാണ്. അത് സ്വീകരിക്കപ്പെടുകയില്ല." *(തഫ്സീർ സ്വാവി 1/312,313)*

തഫ്സീർ ബൈളാവിയിൽ ഈ ആയത്തിന്റെ തന്നെ വ്യാഖ്യാനത്തിൽ പറയുന്നു:

**(തഫ്സീർ ബൈളാവി 2/28)**



٢٨ ——— تفسير سورة آل عمران

يقتضي إرادة طاعته والرغبة فيما يقربه إليه، فلذلك فسرت المحبة بإرادة الطاعة وجعلت مستلزمة لاتباع الرسول في عبادته والحرص على مطاوعته. ﴿يُحْبِبْكُمُ اللهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ﴾ جواب للأمر أي يرضَ عنكم ويكشف الحجب عن قلوبكم بالتجاوز عما فرط منكم فيقربكم من جناب عزه ويبوئكم في جوار قدسه، عبر عن ذلك بالمحبة على طريق الاستعارة أو المقابلة. ﴿وَاللهُ غَفُورٌ رَحِيمٌ ٣١﴾ لمن تحبب إليه بطاعته واتباع نبيه ﷺ.

"സ്നേഹം എന്നതിനെ വിശദീകരിക്കപ്പെടുന്നത് ഉദ്ദേശ്യപൂർവ്വമുള്ള അനുസരണം എന്നാണ്. അതാകട്ടെ റസൂൽ(ﷺ)യെ ആരാധനാപരമായ വിഷയങ്ങളിലെല്ലാം പിൻപറ്റൽ അനിവാര്യമാക്കുന്നു." *(തഫ്സീർ ബൈളാവി 2/28)*

തഫ്സീൽ ഇബ്നുകസീറിൽ പറയുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

**(തഫ്സീർ ഇബ്നുകസീർ 1/523)**



﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ٣١ قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَٰفِرِينَ ٣٢﴾

هذه الآية الكريمة حاكمة على كل من ادعى محبة الله وليس هو على الطريقة المحمدية فإنه كاذب في دعواه فى نفس الأمر حتى يتبع الشرع المحمدى، والدين النبوى فى جميع أقواله وأفعاله وأحواله، كما ثبت فى الصحيح عن رسول الله ﷺ، أنه قال «من عمل عملاً ليس عليه أمرنا فهو رد»(١) ولهذا قال: ﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحْبِبْكُمُ ٱللَّهُ﴾ أى يحصل لكم فوق ما طلبتم من محبتكم إياه وهو محبته إياكم، وهو أعظم من الأول، كما قال بعض العلماء الحكماء: ليس الشأن أن تحب، إنما الشأن

"മുഹമ്മദ് നബി(ﷺ)യുടെ മാർഗമവലംബിക്കാതെ അല്ലാഹുവിനെ സ്നേഹിക്കാമെന്ന് കരുതുന്നവർക്കെതിരിൽ വിധിപ്രസ്താവിക്കുന്നതാണ് ഈ മഹത്തായ വചനം. പ്രവാചകൻ(ﷺ) കൊണ്ടുവന്ന ശരീഅത്തിനെ അനുധാവനം ചെയ്യുന്നതുവരേക്കും, അവിടുത്തെ വാക്ക് മുഖേനയോ പ്രവൃത്തി മുഖേനയോ അംഗീകാരം മുഖേനയോ പഠിപ്പിച്ചിട്ടുള്ള മതപരമായ മുഴുവൻ കാര്യങ്ങളെയും പിൻപറ്റുന്നതുവരെ, ഈ ജൽപനം നടത്തുന്നവൻ വ്യാജവാദിയാണ്. സ്വഹീഹായ ഹദീസിൽ വന്നതുപോലെ "വല്ലവരും നമ്മുടെ (മത)കാര്യത്തിൽ പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തിരസ്കരിക്കപ്പെടേണ്ടതാണ്." അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് "പറയുക, നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ എന്നെ (മുഹമ്മദ് നബി(ﷺ)യെ) പിൻപറ്റുക. എങ്കിൽ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടും." *(തഫ്സീർ ഇബ്നു കസീർ: 1/523)*

അപ്പോൾ, നബി(ﷺ)യോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത് അവിടുന്ന് നമുക്ക് പഠിപ്പിച്ചുതന്ന കാര്യങ്ങൾ (സുന്നത്തുകൾ) ജീവിതത്തിൽ പകർത്തിക്കൊണ്ടായിരിക്കണമെന്നാണ് മേൽ ആയത്ത് പഠിപ്പിക്കുന്നത്. അവിടുത്തെ ചര്യകൾ പിൻപറ്റാതെയുള്ള സ്നേഹം എത്ര കഠിനമായതാണെങ്കിലും അത് പരലോകത്ത് ഉപകാരപ്പെടുകയില്ലെന്നും ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഒരു വചനം നോക്കൂ:

**(സൂറഃ നിസാഅ്– 69. തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമിയുടെ ഖുർആൻ വ്യാഖ്യാനം : 1/212)**



സൂറത്തു നിസാഅ്          212          ജുസുഅ് 5

وَمَن يُطِعِ اللَّهَ وَالرَّسُولَ فَأُولَٰئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ
وَالصَّالِحِينَ ۚ وَحَسُنَ أُولَٰئِكَ رَفِيقًا ﴿٦٩﴾

69. ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചുനടന്നാൽ അവർ (പരലോകത്ത്) അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ചവരുടെ–നബിമാർ, സിദ്ദീഖുകൾ, ശുഹദാഅ്, സാലിഹുകൾ– എന്നിവരുടെ കൂടെയായിരിക്കും. എത്ര വിശിഷ്ട സഹവാസികളാണവർ!

അല്ലാഹുവും റസൂലും എന്ത് കൽപ്പിച്ചാലും അതനുസരിക്കാൻ തയ്യാറാവുക- അതാണ് സത്യവിശ്വാസികൾക്കുണ്ടായിരിക്കേണ്ട ഗുണം. കപട വിശ്വാസികൾക്ക് ഈ ത്യാഗസന്നദ്ധതയുണ്ടാവുകയില്ല. പേരിനോ പെരുമക്കോവേണ്ടി ചിലർ എന്തെങ്കിലും കാട്ടിക്കൂട്ടുമെന്ന് മാത്രം. അല്ലാഹുവിലും റസൂലിലും വിശ്വാസമില്ലാത്തത്കൊണ്ടാണ് കപടവിശ്വാസികൾക്ക് അതിന് സാധിക്കാത്തത്. സത്യവിശ്വാസം കൈക്കൊണ്ട് അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ച് ജീവിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് ഏററവും ഉത്തമം. നബിമാർ, സിദ്ദീഖുകൾ (സത്യസന്ധർ) രക്തസാക്ഷികൾ, സദ്വൃത്തർ- ഇവരോടൊന്നിച്ച് സ്വർഗ്ഗത്തിൽ സസുഖം വസിക്കാനും അവർക്ക് സാധിക്കുമായിരുന്നു. അതിന് സാധിക്കുകയെന്നത് അല്ലാഹുവിങ്കൽ നിന്നുള്ള മഹത്തായ അനുഗ്രഹം തന്നെയാകുന്നു.

അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ച് ജീവിച്ചാൽ മാത്രമെ പരലോകത്ത് ഉപകാരപ്പെടുകയുള്ളൂ എന്നാണ് ഈ വചനം പഠിപ്പിക്കുന്നത്. ഈ ആയത്തിന്റെ അവതരണ കാരണമായി ഉദ്ധരിക്കപ്പെട്ട ഒരു സംഭവം ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത സംഭവം തഫ്സീറുകളിൽ ഉദ്ധരിച്ചത് കാണുക:

**(തഫ്സീർ ഇബ്നുകസീർ 1/523)**



فهم في روضة يحبرون ويتنعمون فيه» ، وقد روي مرفوعًا من وجه آخر، فقال أبو بكر بن مردويه: حدثنا عبد الرحيم بن محمد بن مسلم، حدثنا إسماعيل بن أحمد بن أسيد، حدثنا عبد الله بن عمران، حدثنا فضيل بن عياض عن منصور، عن إبراهيم، عن الأسود، عن عائشة، قالت: جاء رجل إلى النبي ﷺ فقال: يا رسول الله، إنك لأحب إلي من نفسي، وأحب إلي من أهلي، وأحب إلي من ولدي، وإني لأكون في البيت فأذكرك فما أصبر حتى آتيك فأنظر إليك، وإذا ذكرت موتي وموتك، عرفت أنك إذا دخلت الجنة رفعت مع النبيين، وإن دخلت الجنة خشيت أن لا أراك، فلم يرد عليه النبي ﷺ حتى نزلت عليه ﴿وَمَن يُطِعِ اللَّهَ وَالرَّسُولَ فَأُولَٰئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ ۚ وَحَسُنَ أُولَٰئِكَ رَفِيقًا ﴿٦٩﴾﴾. وهكذا رواه الحافظ أبو عبد الله المقدسي في كتابه في صفة الجنة من طريق الطبراني عن أحمد بن عمرو بن مسلم الخلال، عن عبد الله بن عمران العابدي به، ثم قال: لا أرى بإسناده بأسًا، والله أعلم[2].

"ആയിശ(റ) നിവേദനം: അവർ പറഞ്ഞു: നബി(ﷺ)യുടെ അടുക്കൽ ഒരാൾ വന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും എന്റെ

സ്വന്തം ശരീരത്തേക്കാളും ഭാര്യയേക്കാളും സന്താനങ്ങളേക്കാളും താങ്കളെ ഞാൻ ഇഷ്ടപ്പെടുന്നു. എന്നാൽ ഞാൻ എന്റെ വീട്ടിലിരിക്കുമ്പോൾ അങ്ങയെ ഓർക്കുന്നു. (താങ്കളെ കാണാതിരിക്കാനേ എനിക്ക് സാധിക്കുന്നില്ല) അപ്പോൾ ഞാൻ താങ്കളുടെ അടുത്ത് വരികയും താങ്കളെ കാണുകയും ചെയ്യുന്നു. എന്നാൽ (ഈയിടെയായി) ഞാൻ എന്റെയും താങ്കളുടെയും മരണത്തെക്കുറിച്ചോർത്തു. (നാം മരിച്ചാൽ) അങ്ങ് സ്വർഗ്ഗത്തിൽ മറ്റു പ്രവാചകന്മാരുടെ കൂടെയായിരിക്കുമ്പോൾ എനിക്ക് താങ്കളെ കാണാൻ സാധിക്കാതെവന്നെങ്കിലോ എന്ന് ഞാൻ ഭയപ്പെടുന്നു. നബി(ﷺ) മറുപടിയൊന്നും പറഞ്ഞില്ല. അപ്പോഴതാ നബി(ﷺ)ക്ക് ഈ വചനം അവതരിപ്പിക്കപ്പെടുന്നു.” *(തഫ്സീർ ഇബ്നുകസീർ: 1/774)*

ഇവിടെ നബി(ﷺ)യോടുള്ള സ്നേഹം കേവലം മനസ്സിലുണ്ടായതുകൊണ്ടു മാത്രം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നും മറിച്ച് അവിടത്തെ ചര്യകൾ പിൻപറ്റൽ മാത്രമെ അതിനുള്ള യഥാർത്ഥ പരിഹാരമെന്നും ഈ സംഭവം പഠിപ്പിക്കുന്നു.

ഇനി ഇക്കാര്യം നബി(ﷺ) തന്നെ വ്യക്തമാക്കി പറയുന്നത് കാണുക:

**(സ്വഹീഹുൽ ബുഖാരി, ഹദീസ് നമ്പർ: 7280)**




١٢٩٣ — كتاب الاعتصام بالكتاب والسنة — 1293

٧٢٨٠ ـ حَدَّثَنَا مُحَمَّدُ بْنُ سِنَانٍ: حَدَّثَنَا فُلَيْحٌ: حَدَّثَنَا هِلاَلُ بْنُ عَلِيٍّ، عَنْ عَطاءِ بْنِ يَسارٍ، عَنْ أَبِي هُرَيْرَةَ: أَنَّ رَسُولَ ٱللَّهِ ﷺ قَالَ: «كلُّ أُمَّتِي يَدْخلُونَ الجَنَّةَ إِلاَّ مَنْ أَبى». قالُوا: يَا رَسُولَ ٱللَّهِ، وَمَنْ يأْبَى؟ قَالَ: «مَنْ أَطَاعَنِي دَخَلَ الجَنَّةَ، وَمَنْ عَصَانِي فَقَدْ أَبى».

“എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും. വിസമ്മതിച്ചവരൊഴികെ! അപ്പോൾ അവർ(സ്വഹാബികൾ) ചോദിച്ചു: ആരാണ് വിസമ്മതിച്ചവർ? നബി(ﷺ) പറഞ്ഞു: ആർ എന്നെ അനുസരിച്ചുവോ അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ആർ എന്നോട് അനുസരണക്കേട് കാണിച്ചുവോ അവർ എന്നെ വിസമ്മതിച്ചു.” *(സ്വഹീഹുൽ ബുഖാരി, ഹദീസ് നമ്പർ: 7280)*

ഇതുസംബന്ധമായി സുന്നീ പണ്ഡിതന്മാരുടെ ഒന്നുരണ്ട് വിശദീകരണം ശ്രദ്ധിക്കുക:

**(ചിന്താകിരണങ്ങൾ. പേജ്: 180. കോടമ്പുഴ ബാവ മുസ്‌ല്യാർ)**




ടിപ്പിക്കുന്നു. ഇല്ലെങ്കിൽ അവന്റെ സ്നേഹവാദം മിഥ്യയായിരിക്കും. പ്രവാചക സ്നേഹവും തഥൈവ. “ഒരാൾ പ്രവാചകനെ സ്നേഹിക്കുന്നുവെന്നു പറഞ്ഞാൽ, അതിൽ സത്യവും ആത്മാർത്ഥതയുമുണ്ടെങ്കിൽ ആ സ്നേഹത്തിന്റെ ലക്ഷണം അവനിൽ പ്രകടമാകും. പ്രവാചക സ്നേഹത്തിന്റെ പ്രഥമ ലക്ഷണം അനുസരണവും അനുകരണവുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: “ഓ നബീ, പറയുക. നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ അനുഗമിക്കുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും.”.

അപ്പോൾ നബിചര്യ ജീവിതത്തിൽ പകർത്തണം. മനോവാക്കർമങ്ങളിൽ നബിയെ അനുകരിക്കണം. അതാണു സ്നേഹത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷണം. നബി തിരുമേനി (സ) അനസുബ്നു മാലിക് (റ) എന്ന ശിഷ്യനു നൽകിയ ഒരുപദേശം കാണുക: “കുഞ്ഞുമകനേ, നിന്റെ മനസ്സിൽ ഒരാളോടും അസൂയയും പകയുമില്ലാതെ പ്രഭാതത്തെയും പ്രദോഷത്തെയും അഭിമുഖീകരിക്കാൻ ശ്രമിക്കുക. കുഞ്ഞുമകനേ അത് എന്റെ ചര്യയിൽ പെട്ടതാണ്. എന്റെ ചര്യ വല്ലവനും ജീവിപ്പിച്ചാൽ അവൻ എന്നെ സ്നേഹിച്ചു. എന്നെ ആരെങ്കിലും സ്നേഹിച്ചാൽ അവൻ എന്നോടൊപ്പം സ്വർഗ്ഗത്തിലായി.

**(സി.എം. മടവൂർ ചരിത്രവും മൗലിദും. പേജ്: 42)**




റസൂലിനെ സ്നേഹിക്കുക എന്ന് പറയുന്നതിൻെറ അർത്ഥം എന്താണ് റസൂൽ തിരുമേനി (സ) യുടെ നിർദ്ദേശങ്ങൾ അനുസരിക്കാതെ അദ്ദേഹം കാട്ടിത്തരുന്ന ജീവിത ചര്യ പിൻ തുടരാതെ അദ്ദേഹത്തിൻെറ സ്വഭാവ മഹിമയും അപദാനങ്ങളും പ്രകീർത്തിച്ചതുകൊണ്ടു മാത്രം റസൂലിനെ സ്നേഹിച്ചവരാകുമോ? ഒരിക്കലുമില്ല ഇതുതന്നെയാണ് ഔലിയാക്കളെ സ്നേഹിക്കുന്ന

ഇനി ചരിത്രത്തിൽനിന്നും ഒരു സംഭവം കാണുക:

**(ചരിത്രമുത്തുകൾ. പേജ്: 31. ഡോ. ഹുസൈൻ രണ്ടത്താണി. പൂങ്കാവനം പബ്ലിക്കേഷൻസ്)**




**യഥാർത്ഥ സ്നേഹം**

മക്കാ വിജയത്തിന് ശേഷം പ്രവാചകരും അനുയായികളും മദീനയിലേക്ക് മടങ്ങുകയാണ്. വഴി മധ്യേ നിസ്കാരത്തിന് സമയമായി. പ്രവാചകർ വുളു ചെയ്യാൻ തുടങ്ങി. അനുയായികൾ ചുറ്റും നിന്ന് നബി(സ) 'വുളു' ചെയ്ത വെള്ളം അവരുടെ ദേഹത്ത് തളിച്ചു. 'വുളു' പൂർത്തിയാക്കിയ ശേഷം നബി(സ) ചോദിച്ചു:

'ഞാൻ വുളു എടുത്ത വെള്ളം എന്തിനാണ് നിങ്ങളുടെ ശരീരത്തിൻ പുരട്ടുന്നത്?'

'അങ്ങയോട് സ്നേഹവും ബഹുമാനവും കാണിക്കാൻ'

'എന്നെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെ മാർഗം പിന്തുടരുക. എന്റെ തത്വങ്ങൾ അനുസരിക്കുക. എന്റെ മാർഗം പിന്തുടരാതെ ബാഹ്യമായി മാത്രം എന്നെ സ്നേഹിക്കുന്നവർ നമ്മിൽപെട്ടവരല്ല' നബി(സ) പറഞ്ഞു.

ഇപ്പോൾ കാര്യം കൂടുതൽ വ്യക്തമായല്ലോ? നബി(ﷺ)യോടുള്ള സ്നേഹം കേവലം വാക്കുകളിലൊതുക്കാനുള്ളതോ പ്രകടനങ്ങളിൽ തെളിയിക്കാനുള്ളതോ അല്ലെന്നും പ്രത്യുത, അവിടുത്തെ ചര്യകൾ പിൻപറ്റിക്കൊണ്ടാകണമെന്നും മേൽ വരികൾ പഠിപ്പിക്കുന്നു. മാത്രമല്ല, ഒരാൾ തന്റെ പിതാവിനെ സ്നേഹിക്കുന്നവനാണെന്ന് പറയണമെങ്കിൽ ആ പിതാവ് തന്നോട് പറയുന്ന കാര്യങ്ങളെല്ലാം അവൻ അനുസരിക്കുന്നവനാകണമല്ലോ? അല്ലാതെ പിതാവ് പറയുന്നതൊന്നും അനുസരിക്കാതെ "എന്റെ പിതാവിനെ സ്നേഹിക്കുന്നു" എന്ന് പറഞ്ഞാൽ അത് സ്വീകാര്യമല്ലെന്നത് സർവ്വസാധാരണയായി നാം അംഗീകരിക്കുന്ന തത്വമാണ്. എന്നാൽ ഇതിനേക്കാൾ പ്രാധാന്യത്തോടും ഗൗരവത്തോടുംകൂടി അംഗീകരിക്കേണ്ടതാണ് നബി(ﷺ)യോടുള്ള സ്നേഹം അനുസരണത്തിലൂടെയായിരിക്കണമെന്നത്.

ചുരുക്കത്തിൽ, നബി(ﷺ)യോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത് അവിടുത്തെ ചര്യകൾ(സുന്നത്തുകൾ) ജീവിതത്തിൽ പകർത്തിക്കൊണ്ടായിരിക്കണം. അതോടൊപ്പം അവിടുത്തെ പുണ്യ ശരീരത്തെയും കുടുംബത്തേയും സ്നേഹിക്കേണ്ടതുമുണ്ട്. ഇതിന്റെയെല്ലാം മർമ്മം അനുസരണം തന്നെയാണ്. ഈ അർത്ഥത്തിലുള്ള സ്നേഹം കൊണ്ടല്ലാതെ കേവല സ്നേഹപ്രകടനം കൊണ്ട് പ്രത്യേകിച്ചൊരു ഉപകാരവുമില്ലെന്നർത്ഥം.